ബ്രേക്ക് വാട്ടർ നിർമ്മാണ പ്രവൃത്തി നടക്കുന്ന ചെറുകിട തുറമുഖങ്ങൾ

*45 [49] ശ്രീ. കെ. ശങ്കരനാരായണപിള്ള:

,, എ. സി. ഷൺമുഖദാസ്:

,, ടി. പി. പീതാംബരൻമാസ്റ്റർ:

,, വി. സി. കബീർ:

,, പി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര ചെറുകിട തുറമുഖങ്ങളിൽ ബ്രേക്ക് വാട്ടർ നിർമ്മാണ പ്രവൃത്തി നടന്നുവരുന്നുണ്ട്;

(ബി) ഇവ എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ):

(എ) ബേപ്പൂർ തുറമുഖത്ത് രണ്ട് ബ്രേക്ക് വാട്ടറുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്.

(ബി) അടുത്ത മൂന്നുവർഷക്കാലംകൊണ്ട് പൂർത്തിയാക്കുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ബിവറേജസ് കോർപ്പറേഷൻ വാങ്ങിയ വിദേശ മദ്യം

*46 [50] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-4-1985 മുതൽ 31-7-1985 വരെയുള്ള കാലയളവിൽ ബിവറേജസ് കോർപ്പറേഷൻ ഇൻഡ്യൻ നിർമ്മിത വിദേശമദ്യം വാങ്ങിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയ്ക്ക്;

(സി) ആരിൽനിന്നെല്ലാം?

എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എൻ. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) 7.32 കോടി രൂപയ്ക്ക്.

(സി) കമ്പനികളുടെ പേര് അനുബന്ധമായി ചേർത്തിരിക്കുന്നു.*

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ ഡ്യൂട്ടി കുടിശ്ശിക

*47 [51] ശ്രീ. സി. വാസുദേവമേനോൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കേരളാ ഇലക്ട്രിസിറ്റി ഡ്യൂട്ടി ആക്ട് (3-ാം വകുപ്പ്) അനുസരിച്ചുള്ള ഡ്യൂട്ടി കുടിശ്ശിക വരുത്തിയിട്ടുണ്ടോ;

*അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ കുടിശ്ശിക എത്ര;

(സി) ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ;

(ഡി) എങ്കിൽ എന്തു നടപടി;

(ഇ) നടപടി സ്വീകരിച്ചില്ലെങ്കിൽ എന്തുകൊണ്ട്?

ധനകാര്യവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം മാണി):

(എ) ഉണ്ട്

(ബി) 1984 മാർച്ച് 31 വരെ ഇലക്ട്രിസിറ്റി ബോർഡിന്റെ കണക്കനുസരിച്ച് 42.73 കോടി രൂപ കുടിശ്ശികയുണ്ട്. ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിന്റെ കണക്കനുസരിച്ച് ഇത് 111.33 കോടി രൂപയാണ്. ഇതിന്റെ കൂടെ പലിശയും കൂട്ടേണ്ടതുണ്ട്. ഇതിൽ 9.32 കോടി രൂപ സർക്കാർ വായ്പ ഇടമലയാർ പദ്ധതിക്കുള്ള നിർമ്മാണച്ചെലവിലേക്ക് ഇറിഗേഷൻ വകുപ്പിന്റെ വിഹിതം, പെൻഷൻ കോൺട്രിബ്യൂഷൻ വിഹിതം എന്നിവയ്ക്കെതിരെ തട്ടിക്കഴിക്കുവാൻ സർക്കാർ ഉത്തരവു നൽകിയിട്ടുണ്ട്. കൂടാതെ 1967-68 മുതൽ 1971-72 വരെയുള്ള ഡ്യൂട്ടി തുകയായ 5.39 കോടി രൂപ വായ്പയായി കണക്കാക്കാമെന്ന് സർക്കാർ സമ്മതിച്ചിട്ടുണ്ട്. ഇതുംകൂടി തട്ടിക്കഴിച്ചാൽ കുടിശ്ശിക തുക 96.62 കോടി രൂപയായി കുറയും. കൂടാതെ പലിശയും നൽകാനുണ്ട്.

(സി, ഡി, ഇ) ഡ്യൂട്ടി ആക്ട് മൂന്നാം വകുപ്പു പ്രകാരമുള്ള ഡ്യൂട്ടിയെപ്പറ്റി ബോർഡും ഇൻസ്പെക്ടറേറ്റുമായി തർക്കങ്ങൾ ഉണ്ട്. പദ്ധതിച്ചെലവിലേക്ക് മതിയായ വായ്പത്തുക ലഭ്യമാകാതിരുന്നതിനാൽ ഡ്യൂട്ടി അടയ്ക്കേണ്ട തുക പദ്ധതിച്ചെലവിലേക്കായി ഉപയോഗിച്ചിട്ടുണ്ടെന്നും ഈ തുക സർക്കാരിൽ നിന്നും അനുവദിക്കുന്ന വായ്പകളിൽ വകവയ്ക്കാനുള്ളതാണ് എന്നും ബോർഡിന് ഒരു കേസ് സുണ്ട്. ഇവ പരിശോധിക്കാനും കൃത്യമായ ഡ്യൂട്ടി തുക വിലയിരുത്താനും നടപടികൾ എടുത്തിട്ടുണ്ട്. കൃത്യമായ തുക തീരുമാനിച്ചു കഴിഞ്ഞാൽ തുക ഈടാക്കാനും നടപടി എടുക്കുന്നതാണ്.

പുതിയ പോളിടെക്നിക്കുകൾ

*48 [52] ശ്രീ. കെ. കെ. ബാലകൃഷ്ണൻ:
,, കെ. ശങ്കരനാരായണപിള്ള:
,, ആർ. എസ്. ഉണ്ണി:
,, കെ. കൃഷ്ണൻകുട്ടി:
,, എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പോളിടെക്നിക്കുകൾ ആരംഭിക്കുന്നതിന് ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര; എവിടെയെല്ലാം;

(സി) സഹകാര്യ മേഖലയിലെത്ര; സർക്കാർ മേഖലയിലെത്ര;

(ഡി) എവിടെയെല്ലാമാണ് പുതിയ പോളിടെക്നിക്കുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നത്;

LIBRARY ARCHIVES Kerala Legislative Assembly